വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഈ കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) പുതിയ പദ്ധതികൾ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പരിഗണനയിലാണ്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ കീഴിൽ കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി, മൈക്രോ ബയോളജി സംബന്ധമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ജി) മൂന്നാറിൽ ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈഫ് സയൻസിനും ബയോടെക്നോളജിക്കും മുൻതൂക്കം കൊടുക്കുന്നതിന് അടുത്ത കാലത്ത് ഗവൺമെന്റിനു ലഭിച്ച യൂണിവേഴ്സിറ്റി കമ്മീഷനുകളുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ നൂതന പദ്ധതികൾ

15 (*105) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഇൻഡ്യയിലും വിദേശത്തും വിവര സാങ്കേതിക രംഗത്തുണ്ടായിരിക്കുന്ന തൊഴിൽ സാദ്ധ്യതകൾ ചൂഷണം ചെയ്യാനായി ഇത്തരം വിദ്യാഭ്യാസ കോഴ്സുകൾ നടത്താനുള്ള സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ തുടങ്ങാൻ സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ നയം വിശദീകരിക്കാമോ ;

(ഇ) വിവര സാങ്കേതിക രംഗത്ത് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ കേരളം പുറകിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് പരിഹരിക്കാൻ സമയ ബന്ധിതമായി എന്തെങ്കിലും പരിപാടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഊന്നൽ നൽകി 18 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. ഇവയിൽ ആരംഭിച്ച കോഴ്സുകളിൽ 90 ശതമാനവും വിവര സാങ്കേതിക വിദ്യയിലാണ്. നിലവിലുണ്ടായിരുന്ന കോളേജുകളിൽ വർദ്ധിപ്പിച്ച സീറ്റുകളിലും ഏറിയ ഭാഗവും ഐ.റ്റി. വിഷയങ്ങളിൽത്തന്നെയായിരുന്നു. 4600-ൽപരം സീറ്റുകൾ ഇപ്രകാരം പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. 5100 ഓളം സീറ്റുകൾ പോളിടെക്നിക്കുകളിൽ അനുവദിച്ചതിലും 90% ഉം ഐ.റ്റി. മേഖലയിൽത്തന്നെയാണ്. കൂടാതെ കാസർഗോഡ്, കുറ്റിപ്പുറം, കോതമംഗലം, തിരുവനന്തപുരം എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.സി.എ. കോഴ്സുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ എയിഡഡ് എഡ്യൂക്കേഷൻ സ്കൂളുകളിൽ ഏർപ്പെടുത്തുവാൻ നയപരമായ തീരുമാനം എടുത്തു. ഇതിനുള്ള അദ്ധ്യാപക പരിശീലനം ആരംഭിച്ചു കഴിഞ്ഞു.

(ബി) പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഐ.റ്റി.അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ.റ്റി വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്കരിച്ച് ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു സമഗ്ര ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇക്കാര്യത്തിൽ സർക്കാർ-അർദ്ധസർക്കാർ-സഹകരണ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

സർവ്വകലാശാലകളിൽ സെമസ്റ്റർ സമ്പ്രദായം

16 (*106) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly